## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 731

03-11-2011 ൽ മറുപടിയ്ക്ക്

### നെൽ കർഷകർക്ക് ഗ്രീൻ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.വി.ശശി<br>ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുഴുവൻ നെൽ കർഷകർക്കും ഗ്രീൻ കാർഡ് നല്കിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര കർഷകർക്ക് ഗ്രീൻ കാർഡ് നൽകിയിട്ടുണ്ട്; | (എ) | പരമ്പരാഗത നെൽക്കൃഷി മേഖലയായ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ കർഷകരെയാണ് നെൽക്കൃഷി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ള 'നെൽക്കൃഷിയ്ക്കുള്ള പലിശരഹിത വായ്പാ പദ്ധതിയിൽ' ഉൾപ്പെടുത്തി ഗ്രീൻകാർഡ് നൽകിയിട്ടുള്ളത്. ഇതുവരെ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നുള്ള 30775 നെൽക്കർഷകർക്ക് ഗ്രീൻ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകർക്ക് ഗ്രീൻ കാർഡ് ലഭിക്കുന്നതു കൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ; | (ബി) | നെൽക്കൃഷിയ്ക്ക് അനുവദിക്കുന്ന പലിശരഹിത വായ്പാ പദ്ധതിയിൽ ഗുണഭോക്താക്കളാകുന്ന നെൽകർഷകരുടെ കൃഷി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി നൽകുന്ന ഗ്രീൻകാർഡ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എളുപ്പത്തിൽ കാർഷിക വായ്പയും കർഷകർക്ക് മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള ഒരു ആധികാരിക രേഖയാണ്. |
| (സി) | ഈ പദ്ധതി സംസ്ഥാനത്ത് മുഴുവൻ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 2008-2009 വർഷം നടപ്പിലാക്കിയ ഈ പദ്ധതി ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 2009-2010 വർഷം മുതൽ പലിശരഹിത വായ്പയുടെ ആനുകൂല്യം സംസ്ഥാനത്തെ എല്ലാ നെൽകർഷകർക്കും പ്രയോജനം ലഭിക്കുന്നതിനായി പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ